# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 264** **20/12/2012 ൽ മറുപടിക്ക്**

# സ്കൂളുകളിൽ പ്രൈമറി തലത്തിൽ കമ്പ്യൂട്ടർ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ആർ.സെൽവരാജ്: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ പ്രൈമറി തലത്തിൽ കമ്പ്യൂട്ടർ പഠനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | എ) സംസ്ഥാനത്തെ സ്കൂളുകളിൽ പ്രൈമറി തലത്തിൽ കമ്പ്യൂട്ടർ പഠനം നടപ്പാക്കി വരുന്നു. ഹൈസ്കൂൾ ക്ലാസുകളിലേതുപോലെ നിർബന്ധിത വിഷയമാക്കിയിട്ടില്ല. ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകൾക്ക് ഐസിടി പാഠപുസ്തകവും അഞ്ചു മുതൽ ഏഴു വരെയുള്ള ക്ലാസുകൾക്ക് കൈപുസ്തകവും തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്രൈമറി അധ്യാപകർക്ക് ഐടി@സ്കൂളിന്റെ ആഭിമുഖ്യത്തിൽ പ്രാഥമിക ഐസിടി പരിശീലനം നൽകി വരുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) പ്രൈമറി വിഭാഗത്തിലെ കുട്ടികൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനുള്ള പ്രാഥമിക ശേഷി, കമ്പ്യൂട്ടർ അധിഷ്ഠിത കളികളിലൂടെ ചിന്തിക്കാൻ പ്രേരിപ്പിക്കുക, കമ്പ്യൂട്ടർ അധിഷ്ഠിത പഠന പ്രവർത്തനങ്ങളിലൂടെ പാഠഭാഗങ്ങൾ പഠിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. |
| സി) കുട്ടികളിൽ ഐ.ടി.കഴിവുകൾ വളർത്താൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | സി) കമ്പ്യൂട്ടർ ഗെയിമുകളിലൂടെ ലളിതമായ ഗണിതക്രിയകൾ ചെയ്യുക, മലയാളത്തിലും ഇംഗ്ലീഷിലും ടൈപ്പു ചെയ്യുക, ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുക, അളക്കുക, ലളിതമായ പ്രസന്റേഷനുകൾ തയ്യാറാക്കുക, ചിന്താശീലം വളർത്തുക തുടങ്ങിയ ശേഷികൾ വളർത്താനുതകുന്ന കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ചുമതല ആർക്കാണ് നൽകിയിരിക്കുന്നത്; വിശദീകരിക്കാമോ; | ഡി) | ഈ പദ്ധതി നടപ്പാക്കുന്നത് ഐടി@ സ്കൂൾ പ്രോജക്ടാണ്. |
| ഇ) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ പാഠപുസ്തകങ്ങളും അദ്ധ്യാപക പഠന സഹായിയും തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | ഇ) | പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ പാഠപുസ്തകങ്ങൾ, കൈപ്പുസ്തകങ്ങൾ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. അധ്യാപക സഹായി തയ്യാറാക്കിയിട്ടില്ല |

സെക്ഷൻ ഓഫീസർ